**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3755** **15-07-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. ഇ കെ വിജയൻ</th><th colspan="2">ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)</th></tr>
<tr><td>(എ)</td><td>ഈ സർക്കാരിന്റെ കാലത്ത് കോഴിക്കോട് ജില്ലയിൽ അക്ഷയ കേന്ദ്രങ്ങൾ തുടങ്ങിയിട്ടുണ്ടോ;</td><td>(എ)</td><td>ഉണ്ട്.</td></tr>
<tr><td>(ബി)</td><td>എങ്കിൽ അവ ഏതെല്ലാമെന്ന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ;</td><td>(ബി)</td><td><table><tr><th>നിയോജകമണ്ഡലം</th><th>ലൊക്കേഷൻ</th></tr><tr><td>പേരാമ്പ്ര</td><td>1. കടിയങ്ങാട് പാലം<br>2. കീഴ്പയ്യൂർ പള്ളി</td></tr><tr><td>കുന്നമംഗലം</td><td>1. കള്ളന്തോട്<br>2. കണ്ണിപറമ്പ</td></tr><tr><td>കോഴിക്കോട് സൗത്ത്</td><td>പന്നിയങ്കര</td></tr><tr><td>എലത്തൂർ</td><td>എടക്കര</td></tr><tr><td>കൊയിലാണ്ടി</td><td>ഇരിങ്ങൽ</td></tr></table></td></tr>
<tr><td>(സി)</td><td>പുതുതായി അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ?</td><td>(സി)</td><td>നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ ദൂരപരിധി ഗ്രാമപഞ്ചായത്തുകളിൽ 2 കി.മീ ഉം, മുൻസിപ്പാലിറ്റികളിൽ 1.5 കി.മീ ഉം, കോർപ്പറേഷനിൽ 1 കി.മീറ്ററും ആണ്. ഒരു പ്രദേശത്ത് അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന്റെ ആവശ്യകത കണക്കാക്കി നിലവിലുള്ള കേന്ദ്രങ്ങളുമായി നിശ്ചിത ദൂരപരിധി പാലിക്കുകയും ജില്ലാ ഇ-ഗവേർണൻസ് സൊസൈറ്റിയുടെ അംഗീകാരം ലഭിക്കുകയും ചെയ്യുന്ന ലൊക്കേഷനുകളിൽ പുതിയ അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന് അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന ശിപാർശ പരിശോധിച്ച് സർക്കാരാണ് അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷനുകൾ അനുവദിക്കുന്നത്. പുതിയ അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷൻ അനുവദിച്ച് കഴിഞ്ഞാൽ സംരംഭക തിരഞ്ഞെടുപ്പിന് അക്ഷയ ഡയറക്ടർ അപേക്ഷ ക്ഷണിക്കുകയും ഓൺലൈൻ പരീക്ഷ, അഭിമുഖം, എന്നിവ ഉൾപ്പടെയുള്ള നടപടിക്രമങ്ങളുടെ</td></tr>
</table>

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നും അക്ഷയ സംരംഭകരെ തിരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ